## ഗ്രാമവികസന കമ്മീഷണറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ക്രമം

(ഹാജർ : സൂസമ്മ മത്തായി)

വിഷയം :- ഗ്രാമവികസന വകുപ്പ് - ജീവനക്കാര്യം - ഗ്രേഡ് II വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരെ ഗ്രേഡ് I ആയി സ്ഥാനക്കയറ്റം നൽകി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) സർക്കാർ ഉത്തരവ് (പി)നം.515/2007/ധന തീയതി: 19.10.2007.
2) ജി.ഒ.(പി)നം.85/2011/ഫിൻ. തീയതി. 26.02.2011.
3) ഈ ഓഫീസിലെ 25.08.2015 തീയതിയിലെ 30421/എസ്റ്റാ:ബി2/2010/സി.ആർ.ഡി നമ്പർ നടപടിക്രമം.
4) കോട്ടയം, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ(ജന)-യുടെ 22.11.2014-ലെ ഡി.3 4866/2014-ാം നമ്പർ കത്ത്.
5) കാസർഗോഡ്, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ(ജന)-യുടെ 15.06.2015 -ലെ ആർ.ഡി.5/661/14/എഡിസി(ജ) നമ്പർ കത്ത്.

---

ഉത്തരവ് നം. 10224/എസ്റ്റാ.ബി.2/2012/സി.ആർ.ഡി. തീയതി: 10.09.2015

---

സൂചന (3) ഉത്തരവ് പ്രകാരം ഇടപ്പള്ളി ബ്ലോക്കിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ആയ ശ്രീ.അരുൺകുമാർ.എൻ.കെ, കൊല്ലങ്കോട് ബ്ലോക്കിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ആയ ശ്രീ.ശിവപ്രസാദ്.കെ. എന്നിവരെ സീനിയോറിറ്റി ലിസ്റ്റിൽ യഥാക്രമം ക്രമ നമ്പർ. 340 എ, 258 എ ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ടി ആൾക്കാർക്ക് യഥാക്രമം 05.02.2012, 12.12.2013 തീയതി പ്രാബല്യത്തിൽ ഗ്രേഡ് I പ്രൊമോഷന് അർഹതയുണ്ട്.

സൂചന (4), (5) പ്രകാരം കോട്ടയം ജില്ലയിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ആയ ശ്രീ.മുഹമ്മദ് ഷാഫി, കാസർഗോഡ് ജില്ലയിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ആയ ശ്രീ.മജീദ്.എൻ.എ. എന്നിവർ ശൂന്യവേതനാവധിക്കു ശേഷം ജോലിയിൽ പ്രവേശിച്ച് നിരീക്ഷണ കാലം പൂർത്തീകരിച്ചതായി ബന്ധപ്പെട്ട അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ(ജന) മാർ അറിയിച്ചിട്ടുണ്ട്. ടി ആൾക്കാർക്കും പ്രൊമോഷന് അർഹതയുണ്ട്.

ഈ സാഹചര്യത്തിൽ ചുവടെ പറയുന്ന ആളുകൾക്ക് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I ആയി 13210-22360 ശമ്പള സ്കെയിലിൽ സ്ഥാനക്കയറ്റം നൽകികൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

................2)

| ക്രമ നം. | പേര് | സീനിയോറിറ്റി നമ്പർ | പ്രൊമോഷൻ പ്രാബല്യം തീയതി |
|---|---|---|---|
| 1. | ശ്രീ.മജീദ്.എൻ.എ. | 202 | 07.02.2014 |
| 2. | ശ്രീ.ശിവപ്രസാദ്.കെ. | 258 എ | 12.02.2013 |
| 3. | ശ്രീ.മുഹമ്മദ് ഷാഫി.പി. | 296 | 12.09.2013 |
| 4. | ശ്രീ.അരുൺകുമാർ.എൻ.കെ. | 340 എ | 05.02.2012 |

ടിയാളുകൾക്ക് ഉത്തരവ് തീയതിക്ക് ഒരു വർഷം മുൻപ് മുതൽക്കേ സാമ്പത്തികാനുകൂല്യങ്ങൾക്ക് അർഹത ഉണ്ടായിരിക്കുകയുള്ളൂ. 26.02.2011-ലെ സർക്കാർ ഉത്തരവ് നം. ജി.ഒ.(പി)85/2011/ഫിൻ പ്രകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉദ്യോഗക്കയറ്റ ഉത്തരവു തീയതി മുതൽ ഒരു മാസത്തിനകം ഓപ്ഷൻ മേലധികാരിക്ക് സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്:

1) വ്യക്തികൾക്ക്.
2) ബന്ധപ്പെട്ട പ്രോജക്ട് ഡയറക്ടർമാർക്ക്.
3) ബന്ധപ്പെട്ട അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ)മാർക്ക്.
4) സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

ജൂനിയർ സൂപ്രണ്ട്.

ജെ.കെ /10.09.15